(ബി) നഴ്സ്-കം-ഫാർമസിസ്റ്റ് കോഴ്സ് ഇപ്പോൾ നിലവിലില്ല. 89-90, 91-92 എന്നീ വർഷങ്ങളിലായി ആകെ രണ്ട് ബാച്ച് കോഴ്സ് നടത്തിയിട്ടുണ്ട്. ഇതൊരു സ്ഥിരം കോഴ്സ് അല്ലാത്തതിനാലാണ് തുടർന്ന് നടത്താതിരുന്നത്.

(സി) ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

153 (1513) ഹോമിയോപ്പതി ഫാർമസിസ്റ്റുകൾ

ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998 നവംബർ 1-ാം തീയതിക്കുമുൻപ് ഹോമിയോപ്പതി ഡിപ്പാർഡുമെന്റിൽ എത്ര ഫാർമസിസ്റ്റുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഗ്രേഡ് ഒന്ന്, രണ്ട്, ഹയർ ഗ്രേഡ്, ലോവർ ഗ്രേഡ് ഇവ എത്ര വീതം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 390 ഫാർമസിസ്റ്റുകൾ

(ബി)

ഗ്രേഡ് 1	-	17
ഗ്രേഡ് 2	-	26
ഹയർ ഗ്രേഡ്	-	123
ലോവർ ഗ്രേഡ്2	-	224

154 (1514) വിഷ ചികിൽസാ കേന്ദ്രം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വിഷ ചികിൽസാ കേന്ദ്രം (പോയിസൺ സെന്റർ) ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്ന്?

(ബി) പ്രസ്തുത കേന്ദ്രത്തിന്റെ ചുമതല ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത്;

(സി) ഇതിനകം സർക്കാരോ, മറ്റേതെങ്കിലും ഏജൻസിയോ ഈ കേന്ദ്രത്തിനുവേണ്ടി എന്തെങ്കിലും തുക അനുവദിക്കുകയോ നീക്കി വയ്ക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ അതെല്ലാം; എത്ര തുക വീതം;

(ഡി) എന്തെല്ലാം പ്രധാന ഉപകരണങ്ങൾ ആണ് ഈ കേന്ദ്രത്തിന് വേണ്ടത്;

(ഇ) ഇവ വാങ്ങാൻ ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(എഫ്) പ്രസ്തുത കേന്ദ്രം എപ്പോൾ പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്. 25.3.99 ലെ ജി.ഒ. ആർ.ടി) നമ്പർ 940/99/ആ.കു.വ) എന്ന സർക്കാർ ഉത്തരവ് പ്രകാരം.

LIBRARY ARCHIVES Kerala Legislative Assembly